Official Monthly Bulletin January 2018

# MARIAN




**St. Mary's Indian Orthodox Cathedral**
P.O. Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: stmarys@stmarybahrain.com, Website: www.stmarybahrain.com

**www.facebook.com/smiocbh**



**The Malankara (Indian) Orthodox Syrian Church**
CATHOLICATE OF THE EAST
**DIOCESE OF CALCUTTA**
[THE CALCUTTA ORTHODOX DIOCESAN COUNCIL]
REG. NO. 13697

DR. JOSEPH MAR DIONYSIUS SST
DIOCESAN METROPOLITAN
DIRECTOR / PRESIDENT St. Thomas Mission, Bhilai
GUEST FACULTY : STOTS, Nagpur
RESEARCH GUIDE : Science Faculty, University of Kerala
LIFE MEMBER : Mount Tabor Dayara Pathanapuram
VICE-PRESIDENT : Church Mission Board
VICE-PRESIDENT : Ecological Commission of MOSC
VICE-PRESIDENT : ACCES (Asso. C.G. State Christ. Edu. Soc.)

ST. THOMAS ASHRAM
Dr. Stephanos Mar Theodosius Road,
Kailash Nagar, Industrial Estate P.O.
Bhilai-490026, Durg (Dist)
CHHATTISGARH, INDIA
Tel. : 0788-2285309, 2285803
Email : calcuttadiocese@gmail.com
josephdionysius@gmail.com
Website : www.calcuttadiocese.com

***GLORY BE TO THE FATHER THE SON AND THE HOLY GHOST, THE ONE TRUE TRIUNE GOD FOREVER AND EVER, AMEN.***

Blessings to the Vicar, Assistant Vicar, Trustee, Secretary, members of the Managing Committee and the members of the St. Mary's Indian Orthodox Cathedral, Bahrain.

"Through the tender mercy of our God; by which the dawn from on high has visited us, To give light to them that sit in darkness and in the shadow of death, to guide our feet into the way of peace."(St. Luke 1:78, 79)

Beloved in the Lord,
Christmas is a season of love, joy and sharing. Christmas brings the good news to us during our life journey which is overtaken by the darkness of pitch-black night and the shadow of death. As St. John puts is, Jesus is "the true light that gives light to every man" (St. John. 1:9). He is "the light that shines in the darkness" (St. John. 1:5).We live in a dark world, distraught with lies, hate and confusion. But God's Word tells us to "cast off the works of darkness and put on the armor of light" (Romans 13:12). While others are chasing after physical pleasures and selfish gain, we're commanded to live a different way –to "put on the Lord Jesus Christ, and make no provision for the flesh, to gratify its desires" (Romans 13:14). We are light, not because of anything in ourselves, but because we are in a supernatural union with the light of the world. He calls us to follow after him, and he says, "Whoever follows me will have the light of life and will never walk in darkness" (St. John 8:12). May the feast of Nativity of our Lord help us to be instruments to spread the light of God's love and Compassion.
We wish you all a very joyous Christmas and a Blessed New year

**May God Bless You,**
**Your Shepherd in our Lord,**



**Dr. Joseph Mar Dionysius Metropolitan.**



# വീണ്ടുവിചാരം



മനുഷ്യജീവിതത്തിൽ പതിവുകൾക്ക് പ്രാധാന്യമുണ്ട്. പതിവുകൾ നന്മയായാലും തിന്മയായാലും ശീലമായി മാറുന്നു. പതിവായി മദ്യപിക്കുന്നവർ, പതിവായി മോഷ്ടിക്കുന്നവർ.. തുടങ്ങിയ പരാമർശങ്ങൾ നാം ഏറെ കേൾക്കുന്നവയാണ്. ആത്മീയ ജീവിതത്തിൽ ചില പതിവുകൾക്ക് വളരെ പ്രാധാന്യമുണ്ട്. പതിവായി കുടുംബ പ്രാർത്ഥനയർപ്പിക്കുന്നത്, പതിവായി വി.കുർബ്ബാനയിൽ സംബന്ധിക്കുന്നത്, പതിവായി ദശാംശം നൽകുന്നത്, നിശ്ചിത ദിവസങ്ങളിലെ നോമ്പും ഉപവാസവും പതിവായി പാലിക്കുന്നത്, പതിവായി മതബോധനം നടത്തുന്നത്, പതിവായി കുമ്പസാരിച്ചു വി.കുർബ്ബാന സ്വീകരിക്കുന്നത്, പതിവായി പ്രാർത്ഥനകളിൽ പങ്കുചേരുന്നത്.. പതിവുകൾ ലംഘിക്കപ്പെടുമ്പോൾ ആത്മീയതയുടെ ഊടും പാവും നഷ്ടപ്പെടുന്നു. ആത്മീയതയുടെ കെട്ടുറപ്പ് കൈമോശം വരുന്നു. പതിവുകളെ കേവലം ആവർത്തനവിരസതയുളവാക്കുന്നവയായി കരുതാതെ അവയെ അനിവാര്യമായ ചട്ടക്കൂടുകളായി നാം മനസ്സിലാക്കണം.

ആത്മീയതയുടെ ഏറ്റവും കുറ്റമറ്റ അളവുകോൽ എളിമയാണ്. അപരനോടുള്ള ആദരവാണ് എളിമ. ദൈവം പറയുന്നതാണ് ഏറ്റവും സത്യമായത് എന്ന് തിരിച്ചറിയാനുള്ള കഴിവാണ് എളിമ. ലൂസിഫർ എന്ന മാലാഖ പിശാചായി മാറിയതും ആദിമാതാപിതാക്കൾ ദൈവഹിതത്തെക്കാളും യുക്തിസഹമായ തീരുമാനമെടുക്കാൻ തുനിഞ്ഞതും എളിമയില്ലാതെ പോയതുകൊണ്ടുമാത്രമാണ്. അഹന്തയുടെ ബാബേൽ ഗോപുരം പണിയുന്നിടത്താണ് മനുഷ്യഭിന്നതയുടെ ഭാഷകൾ രൂപം കൊള്ളുന്നത്. അഹന്തയിലാണ്ടുപോയ മനുഷ്യകുലത്തിൽ എളിമയുടെ സമ്പൂർണ്ണതയുമായി വന്ന ഏക വ്യക്തി പരിശുദ്ധ കന്യകമറിയമായിരുന്നു. രക്ഷാകര ചരിത്രം പരിശോധിച്ചാൽ മനസ്സിലാകുന്ന ഏറ്റവും വലിയ സത്യം ദൈവത്തോടുള്ള ബന്ധം എളിമയിലൂടെ മാത്രമേ സാധ്യമാകൂ എന്നതാണ്.

ഓരോ പുതിയവർഷവും പുതിയൊരു ജീവിതത്തെ സ്വപ്നം കാണുന്നു. പുതിയൊരു സംരംഭത്തെ താലോലിക്കുന്നു. പഴമകളുടെ അടിമത്വത്തിൽ നിന്നു പുതിയതിൻെറ താളക്രമത്തിലേക്കു പോകുമ്പോഴും പഴമയുടെ സമ്പന്നത നഷ്ടപ്പെടുത്താതെ ഒരു സ്വപ്നം സൂക്ഷിക്കുവാനും കൂടുതൽ ഉത്തരവാദിത്വത്തോടെ ജീവിക്കുവാനും കഴിയണം. മുന്തിരിച്ചെടിയുമായി ബന്ധമില്ലാത്ത ശാഖയ്ക്ക് ഫലം പുറപ്പെടുവിക്കുവാൻ കഴിയാത്തതുപോലെ വിശ്വാസിക്ക് കർത്താവുമായി ഐക്യവും കൂട്ടായ്മയും ഇല്ലെങ്കിൽ ഫലം പുറപ്പെടുവിക്കുവാൻ സാധിക്കുകയില്ല. പുതുവർഷം നമുക്ക് യേശുവിനോട് ബന്ധപ്പെട്ട് ജീവിക്കുവാനും യഥാർത്ഥ രക്ഷയുടെ തെളിവായി ഫലസമൃദ്ധമായ ജീവിതമാകുവാനും ഇടയാകട്ടെ.

മഹാഭാരതം കർണ്ണപർവ്വത്തിലൊരു ദൃഷ്ടാന്തകഥയുണ്ട്. തൻെറ വിദ്യാപ്രാവീണ്യത്തിൽ അഹങ്കരിക്കുന്ന കർണ്ണനെ സാരഥിയായ ശല്യർ പറഞ്ഞുകേൾപ്പിക്കുന്ന കഥ. എച്ചിലു തിന്നു കൊഴുത്ത ഒരു കാക്ക അരയന്നത്തെ പറക്കുവാൻ വെല്ലുവിളിക്കുന്നു. തനിക്കു പലതരത്തിൽ പറക്കാനറിയാമെന്ന് അവകാശപ്പെടുന്ന കാക്കയോടു തനിക്കൊരൊറ്റ രീതിയേ വശമുള്ളൂ എന്നു ഹംസം സമ്മതിക്കുന്നു. മത്സരപ്പറക്കലിൽ വലിയ അഭ്യാസം കാട്ടിയ കാക്ക കടലിലേക്കു പറന്ന അരയന്നത്തെ തോൽപിക്കുവാൻ ശ്രമിച്ച് ക്ഷീണിച്ചു കുഴഞ്ഞു വെള്ളത്തിൽ വീണു മരണത്തോടടുക്കുമ്പോൾ പ്രാണൻ രക്ഷിക്കണമെന്ന് അരയന്നത്തോട് യാചിക്കുന്നു. കനിവു തോന്നിയ ഹംസം തൻെറ പുറത്തേറ്റി കാക്കയെ കരയിലെത്തിക്കുന്നു. അതോടെ കാക്കയുടെ അഹങ്കാരം ശമിച്ചതാണ് കഥ.

'അഹന്ത നാശത്തിൻെറ മുന്നോടിയാണ്.

അഹംഭാവം വീഴ്ചയുടെയും (സുഭാഷിതങ്ങൾ 16:18)'.

പുതുവർഷം നമുക്കു ചില വീണ്ടുവിചാരങ്ങൾക്ക് ഇടവരുത്തട്ടെ.

അനുഗ്രഹീതമായ പുതുവത്സരാശംസകളോടെ

കർത്തൃശുശ്രൂഷയിൽ,

**ഫാ. ജോഷ്വാ ഏബ്രഹാം**
(വികാരി–39445358)
jabrahamachen@gmail.com

**ഫാ. ഷാജി ചാക്കോ**
(സഹവികാരി–39584020)
frshajichacko@gmail.com





## നന്ദി... നന്ദി... നന്ദി...

കർത്താവിൽ പ്രിയ ഇടവകാംഗങ്ങളെ

കഴിഞ്ഞ രണ്ടു വർഷക്കാലം ഇടവകയ്ക്കു വേണ്ടി നേതൃനിരയിൽ നിന്നു പ്രവർത്തിക്കുവാൻ ഞങ്ങളെ യോഗ്യരാക്കിയ കരുണാമയനായ ദൈവമേ, നന്ദി നിറഞ്ഞ ഹൃദയത്തോടെ അങ്ങയെ സ്തുതിക്കുന്നു. ഏഴകളും ബലഹീനരുമായ ഞങ്ങളെ ഇത്രയും ശ്രേഷ്ഠമായി കരുതിയ ദൈവമേ, ഇടവക ഏൽപിച്ച എല്ലാ ഉത്തരവാദിത്തങ്ങളിൽ നിന്നും സന്തോഷത്തോടെ, സമാധാനത്തോടെ, ആത്മസംതൃപ്തിയോടെ പടിയിറങ്ങുവാൻ ഞങ്ങൾക്ക് കൃപയേകി. സ്തോത്രം.

ആഗ്രഹിച്ച എല്ലാ കാര്യങ്ങളും നടപ്പിലാക്കുവാൻ കഴിഞ്ഞില്ല എങ്കിലും ഇടവകയ്ക്കുവേണ്ടി സമൂഹത്തിനു വേണ്ടി കുറച്ചെങ്കിലുമൊക്കെ ചെയ്യുവാൻ കഴിഞ്ഞു എന്ന ആത്മസംതൃപ്തി ഞങ്ങൾക്കുണ്ട്. അർഹരായ 10 കുഞ്ഞുങ്ങൾക്കുള്ള വിദ്യാഭ്യാസ സഹായവും നവമാധ്യമങ്ങളിലുള്ള ഇടവകയുടെ പ്രാതിനിധ്യവും സമ്പുഷ്ടി കൊണ്ട് ചരിത്രത്തിലിടം നേടിയ വിളവെടുപ്പിൻെറ പെരുന്നാളും ഇവയിൽ ചിലതുമാത്രം. ഇതിനെല്ലാം ഞങ്ങളെ പ്രാപ്തരാക്കിയ നല്ലവരായ ഇടവക ജനങ്ങളോടുള്ള നന്ദിയും സ്നേഹവും നിറഞ്ഞ മനസ്സോടെ അർപ്പിക്കട്ടെ.

റവ. ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ, റവ. ഫാ. എം.ബി. ജോർജ്ജ്, റവ. ഫാ. ജോഷ്വാ ഏബ്രഹാം, റവ. ഫാ. ഷാജി ചാക്കോ എന്നീ വന്ദ്യ വൈദീകശ്രേഷ്ഠരോടൊപ്പം പ്രവർത്തിക്കുവാൻ ഈ മാനേജിംഗ് കമ്മിറ്റിക്ക് അസുലഭ ഭാഗ്യം സിദ്ധിച്ചു എന്നതും ചരിത്രത്തിലാദ്യം. ഈ വൈദീകശ്രേഷ്ഠരുടെ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രാർത്ഥനയും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നത് ആദരവോടെ സ്മരിക്കട്ടെ. രണ്ടുവർഷക്കാലം ഞങ്ങളുടെ യാത്രയിലുടനീളം ഞങ്ങൾക്കു വേണ്ടുന്നതായ എല്ലാ സ്നേഹവും പിന്തുണയും നൽകി ഞങ്ങളെ മുൻപോട്ട് നയിച്ച ഇടവകയുടെ മുതിർന്ന അംഗങ്ങളോടുള്ള പ്രത്യേകമായ നന്ദിയും സ്നേഹവും അറിയിക്കട്ടെ.

സർവ്വോപരി സമാധാനത്തോടെ, ആത്മസംതൃപ്തിയോടെ, സന്തോഷത്തോടെ പടിയിറങ്ങുവാൻ ഞങ്ങളെ സഹായിച്ച ഈ ഇടവകയിലെ എല്ലാ നല്ലവരായ അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അർപ്പിച്ചുകൊള്ളട്ടെ. ഒപ്പം ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളുടെ തോളോടൊപ്പം ചേർന്ന് പ്രവർത്തിച്ച എല്ലാ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളോടും അതിൻെറ ഭാരവാഹികളോടുമുള്ള നന്ദിയും ഇത്തരുണത്തിൽ അറിയിച്ചുകൊള്ളട്ടെ. ഇടവകയുടെ നന്മയ്ക്കായി, ഉന്നമനത്തിനായി, അൽപമായോ അധികമായോ ഞങ്ങളൊടൊത്ത് സഹകരിച്ചു സഹായിച്ച എല്ലാവരേയും നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്മരിക്കുന്നു.

പരസ്പരവിശ്വാസത്തിൻേറയും, സ്നേഹത്തിൻേറയും, സന്തോഷത്തിൻേറയും, പങ്കുവയ്ക്കലിൻേറയും നല്ല നാളുകൾ നമ്മുടെ മുൻപിൽ ആവർത്തിക്കപ്പെടട്ടെ. ആ സന്തോഷത്തിൽ കൂട്ടായ്മയിൽ പരസ്പര ബഹുമാനത്തിൽ ഇടവകജനങ്ങളെ മുൻപോട്ട് നയിക്കുവാൻ പുതിയ സാരഥികൾക്കാകട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ആയതിനു കരുണാമയനായ ദൈവം വേണ്ടതായ കൃപകൾ ചൊരിഞ്ഞു നൽകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവർക്കും സന്തോഷത്തിൻെറയും സമൃദ്ധിയുടെയും ഒരു നല്ല പുതുവത്സരം ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം

**ജോർജ്ജ് മാത്യു**
കത്തീഡ്രൽ ട്രസ്റ്റി

**രഞ്ജി മാത്യു**
കത്തീഡ്രൽ സെക്രട്ടറി

## Holy Qurbana Schedule

| | | |
|---|---|---|
| Friday | : January 05, 12, 19 & 26 | 08:00 AM |
| Saturday | : January 06, 13, 20 & 27 | 07:00 PM |
| Sunday | : January 07 | 07:00 PM |
| Wednesday | : January 03, 10, 17, 24 & 31 | 07:00 PM |
| Commemoration of H.H. Baselios Geevarghese II | : January 03 | 07:00 PM |
| Commemoration of H.H. Baselios Marthoma Mathews II | : January 26 | 08:00 AM |
| Nineveh Lent | : January 22, 23 & 24 | |

## Sunday School

Re-Opening : Sunday School will re-open on 12th January

## Martha Mariam Samajam

Meeting : Regular meetings on 04th & 18th January at 6:00 PM

## Divya Bodhanam

| | | | |
|---|---|---|---|
| POCE | : | Every Tuesday at 8.00 pm – Book 2 | - Sabha Valarunnu |
| DOCE | : | Every Monday at 8.00 pm – Book 12 | - Daiva Thejassilekku |
| GOCE | : | Every Monday at 8.00 pm – Book 22 | - Sabhayum Samoohya Prathibadhadayum |

## St. Paul's Suvishesha Sangam

Meetings : Regular meetings on 14th, 21st and 28th January at 7:30PM in Cathedral

House Visit : New Year House Visit on Monday 01st January 2018 from 8:00AM to 1:00PM.

## MGOCSM

Meetings : Regular meetings on every Friday after Sunday School in Cathedral

## AMOSS

Meetings : Regular meetings on every Thursday after Sandhya Namaskaram

## St. Thomas Orthodox Christian Youth Movement

Meetings : Regular meetings on every Saturday at 8:30 PM


## EDITORIAL BOARD

Chief Editor : Shibu C. George
Editor : Siju John
Graphics & Layout : Thomas Vaidyan P. K
Type Setting : Anu T. Koshy

## KCEC CHRISTMAS AND NEW YEAR CELEBRATIONS

KCEC Christmas New Year Procession competition will start at 4:15 PM on 01st January 2018 at Indian School. All are requested participate the event with following dress code.

***GENTS***

White, Cream, Maroon Jubba / Kurtha / Shirt with Mundu.

***LADIES***

Red, Green, Blue, Set Saree/Churidar – preference for Saree

***Sunday School Students***

***Beginner to Class 3***

***BOYS***

White T-Shirt/Kurtha with Black Jeans/Pants

***GIRLS***

White Frock

***Class 4 & 5***

***BOYS***

Blue T-Shirt/Kurtha with Black Jeans/Pants

***GIRLS***

Blue Top/T-Shirt with Black bottom/Jeans/Pants

***Class 6 to 8***

***BOYS***

Green T-Shirt/Kurtha with Black Jeans/Pants

***GIRLS***

Green Top/T-Shirt with Black bottom/Jeans/Pants

***Class 9 to 12***

***BOYS***

Red T-Shirt/Kurtha with Black Jeans/Pants

***GIRLS***

Red Top/T-Shirt with Black bottom/Jeans/Pants

For more details contact General Convener Mr. Christy P. Varghese on 39688134



**Mr. Mathew Thomas (James - Roll # 199)**
**Salmaniya Area**
**Venganilkunnathil, Perissery, Chengannur, Alappuzha**

## ആദരാഞ്ജലികൾ

നമ്മുടെ ഇടവകാംഗം കുട്ടംപേരൂർ മുട്ടത്തേത്ത് ഹണിവില്ലായിൽ ശ്രീ. ഷാജൻ തങ്കച്ചന്റെ (റോൾ നമ്പർ : 1723) മകൾ ഹണി എം. ഷാജൻ 27–11–2017 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു



ഹണി എം. ഷാജൻ (23)



തോമസ്സ് ലോറൻസ് (34)

## ആദരാഞ്ജലികൾ

നമ്മുടെ ഇടവകാംഗം വയലത്തല, മടപ്പില്ലത്ത് തോമസ്സ് ലോറൻസ് (റോൾ നമ്പർ : 2560) 08–12–2017 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു

# Cathedral New Members



**Subin Babu**
Subin Bhavan,
Peringanadu, Adoor
Roll No. : 2708
Mobile : 32119792
Home Parish : St. Gregorios Orthodox Church
Diocese : Adoor-Kadampanad
Area : Riffa-Sitra



**Sujo V. Thomas**
Vazhakunnathu House,
Ranny, Pathanamthitta
Roll No. : 2709
Mobile : 38239088
Home Parish : St. Mary's Orthodox Church
Diocese : Nilakkal
Area : Church South



**Boby Varghese**
Malipurath House,
Parumala, Thiruvalla
Roll No. 2710
Mobile: 37231042
Home Parish: St. George Orthodox Church
Diocese: Niranam
Area: Hoora



**Shajan V. Daniel**
Vilavinal House,
Kizhakkupuram, Kumbazha
Roll No. 2711
Mobile: 39409012
Home Parish: St. George Orthodox Church
Diocese: Thumpamon
Area: Muharraq

## Favours Received





**Well Wisher**

| Date | Time | Area | Address / Venue |
|---|---|---|---|
| 05/01/2018 Friday | 04.00 pm | Riffa - Sitra | **Mr. Ivan Thomas** Villa No. 394, Road 2516, Block 925, Mobile: 39646453 |
| 05/01/2018 Friday | 06.00 pm | Church South | **Mr. Sibi Oommen Zachariah** Flat No. 608, Sana Bldg. 318, Lift No. 4, Block 311, Mobile: 39733243 |
| 05/01/2018 Friday | 06.00 pm | Sh. Hamad – Lulu | **Mr. Varkey Thomas(Shiju)** Flat No. 13, Bldg. 959, Road 319 Block 303, Mobile: 39290631 |
| 05/01/2018 Friday | 07.30 pm | Chuch North | **Mr. Joji Jacob** Theophilus Hall Mobile: 36609298 |
| 05/01/2018 Friday | 07.30 pm | Manama | **Mr. Reji Kunjukutty** Cathedral Back Hall Mobile: 38468873 |
| 12/01/2018 Friday | 06.00 pm | Hoora | **Mr. Jacob John** Flat No. 62, Bldg. 265, Road 1908 Block 319, Mobile: 39660570 |
| 12/01/2018 Friday | 06.00 pm | Gudaibiya | **Mr. Don K. George** Theophilus Hall Mobile: 34386096 |
| 12/01/2018 Friday | 07.30 pm | Muharraq | **Mr. Robin John** Theophilus Hall Mobile: 36418580 |
| 12/01/2018 Friday | 07:30 pm | American Mission | **Mr. Baiju C. George** Cathedral Back Hall Mobile: 66990091 |
| 19/01/2018 Friday | 06:00 pm | Adliya- Um Al Hassam | **Mr. Anish Daniel** Flat No. 24, Bldg. 592, Road 3624 Block 336, Mobile: 66373154 |
| 19/01/2018 Friday | 06:00 pm | Salmaniya | **Mr. Jacob Mathew** Flat No. 22, Bldg. 672, Road 2913 Block 329, Mobile: 66900200 |
| 19/01/2018 Friday | 07:30 pm | Sugaiya-Zinj | **Mr. A.O. Johny** Villa No. 381, Mahooz, Road 3207 Block 332, Mobile: 39643219 |
| 26/01/2018 Friday | 06:00 pm | Isatown-Salmabad | **Mr. Saji Varghese** Flat No. 12A, Bldg. 1565, Road 1443 Block 814, Mobile: 39296908 |

# Managing Committee Members for the year 2018



**Leny P. Mathew**
(Mob: 39300253)
**Hon. Trustee**



**Rev. Fr. Joshua Abraham**
(Mob: 39445358)
**Vicar**



**Rev. Fr. Shaji Chako**
(Mob: 39584020)
**Asst. Vicar**



**Roy Skaria**
(Mob: 33008079 )
**Hon. Secretary**



**Reji Alex**
(Mob: 39087483)
**Adliya - Umm Al Hassam**



**Shiju C. George**
(Mob: 38828845)
**American Mission**



**Anu T. Koshy**
(Mob: 39097099)
**Church North**



**Binu Veliyil Mathew**
(Mob: 39440530)
**Church South**



**Binu George**
(Mob: 38444115)
**Gudaibiya**



**Shiju K. Oommen**
(Mob: 36180736)
**Gafool - Khammis**



**Biji Mathew**
(Mob: 36760870)
**Hoora**



**John Raju**
(Mob: 33366486)
**Isa Town - Salmabad**



**Siju George**
(Mob: 33433055)
**Manama**



**Geeson George**
(Mob: 39296161)
**Muharraq**



**Saji George**
(Mob: 36943377)
**Riffa - Sitra**



**Jacob Kochummen**
(Mob: 39105221)
**Salmaniya**



**Sunil John**
(Mob: 33332576)
**Sugaiyya - Zinj**



**John K. P.**
(Mob: 39970197)
**Sh. Hamad - Lulu**



**George Mathew**
(Mob: 36001234)
**Ex - Officio**



**M. M. Mathew**
(Mob: 39532541)
**Internal Auditor**



തെളിയാം നക്ഷത്ര വിളക്കുകളായ്..
പൊഴിയാം തൂമഞ്ഞു തുള്ളികളായ്...
ഒരുങ്ങാം വെടിപ്പുള്ള പുൽക്കൂടുകളായ്...



കാലത്തിൻെറ തികവിൽ കാലിത്തൊഴുത്തിൽ കന്യകമറിയത്തിലൂടെ ഉരുവായ ഉണ്ണിയേശു.. മാനവൻെറ പാപക്കറകൾ മരക്കുരിശിലെ നിണത്തുള്ളികളാൽ കഴുകി കളഞ്ഞവൻ..

ക്രിസ്തു – കൊട്ടാരം വെടിഞ്ഞു കൊട്ടിലിൽ പിറന്നവൻ

ക്രിസ്തു – സിംഹാസനം വെടിഞ്ഞു കഴുതപ്പുറത്ത് ഏറിയവൻ

ക്രിസ്തു – നരകുലത്തിൻെറ രക്ഷകൻ.

കീറ്റുശീലയിൽ പിറന്നവൻെറ ജന്മദിനം.

ഇന്ന് പണക്കൊഴുപ്പിൻെറയും, ആർഭാടത്തിൻെറയും, ഉത്സവമേളമാക്കുമ്പോൾ എങ്ങും വ്യാപാരക്കണ്ണുകൾ..കാലിത്തൊഴുത്തിലേക്കു... അവിടെ പിറന്ന ദൈവപുത്രന് വഴികാട്ടുന്ന നക്ഷത്രങ്ങൾ ആകാം..

അവനെ പുൽകുന്ന നിർമ്മലമായ മഞ്ഞിൻ കണങ്ങൾ ആകാം..

അവനു ജനിക്കാൻ വെടിപ്പുള്ള പുൽക്കൂടുകളായി ഹൃദയങ്ങളെ ഒരുക്കാം.

അങ്ങനെ സന്മനസ്സുള്ളവരാകുമ്പോൾ.. ക്രിസ്തുമസിൻെറ സമാധാനം ലഭിക്കും..

അത്യുന്നതനു മഹത്വം. ക്രിസ്തുമസിലൂടെ നമുക്ക് ലഭിച്ച സമാധാനം.. ദൈവപുത്രൻെറ പിറവിയിലൂടെ

ലോകത്തിനു ലഭിച്ച ശാന്തി.. ഹൃദയമാകുന്ന പുൽക്കൂടുകളിൽ പിറന്ന ഉണ്ണിയേശുവിനേയും പേറി പുതിയ വർഷത്തിലേക്കു കടക്കാം.. പുതുവർഷം സമാധാനവും ശാന്തിയും നന്മകളും നിറഞ്ഞതാകട്ടെ.

ബഹറിൻ സെൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തീഡ്രലിൻെറ വാർത്താ പ്രസിദ്ധീകരണമായ 'മരിയൻ' (Marian) മാഗസിൻ 2017 ലെ 12 മാസവും പ്രസിദ്ധീകരിക്കുവാൻ ദൈവത്തിൻെറ അളവറ്റ കൃപയാൽ സാധിച്ചു. അതിൻെറ അമരക്കാരായി പ്രവത്തിക്കുവാൻ അനുവാദം നൽകിയ മാനേജിംഗ് കമ്മിറ്റിയോടുള്ള നന്ദി അറിയിക്കുന്നു. കത്തീഡ്രലിൻെറ ഓരോ മാസത്തെയും ആരാധനാ സമയങ്ങൾ, പ്രധാനപ്പെട്ട പ്രോഗ്രാമുകൾ, ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ, ഏരിയാ പ്രാർത്ഥനാ സമയങ്ങൾ, പുതിയ അംഗങ്ങളെ പരിചയപ്പെടുത്തൽ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യത്യസ്തതയോടും പുതിയ അറിവുകളോടും കൂടി 12 മാസവും മാസാരംഭത്തിനു തൊട്ടു മുൻപുള്ള വെള്ളിയാഴ്ചകളിൽ തന്നെ 'മരിയൻ' ഇടവകജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യം ഉണ്ട്.

കഴിഞ്ഞ ഒരു വർഷക്കാലം 'മരിയൻ' മാഗസിനിലേക്ക് ആത്മീയസന്ദേശം നൽകി സമ്പന്നമാക്കിയ അഭി. തിരുമേനിമാർ, കത്തീഡ്രൽ മുൻവികാരി ബഹു. എം.ബി. ജോർജച്ചൻ, ഇപ്പോഴത്തെ വികാരി ബഹു.ജോഷ്വാ ഏബ്രഹാമച്ചൻ, സഹവികാരി ബഹു. ഷാജി ചാക്കോ അച്ചൻ സമകാലിക സംഭവങ്ങൾ ഉൾപ്പെടുത്തി സന്ദേശങ്ങൾ നൽകിയ കത്തീഡ്രൽ ട്രസ്റ്റി ശ്രീ. ജോർജ്ജ് മാത്യു, കത്തീഡ്രൽ സെക്രട്ടറി ശ്രീ. രഞ്ചി മാത്യു എന്നിവരോട് എഡിറ്റോറിയൽബോർഡിൻെറ സന്തോഷം പങ്കുവെക്കുന്നു. മരിയൻ പ്രസിദ്ധീകരിക്കുവാൻ ഉപകാരസ്മരണകൾ, മാതാപിതാക്കളുടെ ഓർമ്മകൾ എന്നിവ നൽകി സാമ്പത്തികമായി സഹകരിച്ച സ്നേഹസമ്പന്നരായ ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

യാതൊരു പ്രതിഫലേച്ഛയും കൂടാതെ ഇതിൻെറ ഡിസൈൻ വർക്കുകൾ ചെയ്തു തന്ന ശ്രീ. തോമസ് വൈദ്യൻ, ശ്രീ. ബിനു വേലിയിൽ, ഫോട്ടോകൾ നൽകി സഹായിച്ച ശ്രീ. ഡിജു ജോൺ, ശ്രീ. ജിനോ എസ്. തോമസ്, ടൈപ്പ് സെറ്റിംഗ് ചെയ്തു തന്ന ശ്രീ. അനു റ്റി. കോശി എന്നിവരോടും, ഇതിൻെറ അച്ചടി ജോലികൾ ഭംഗിയായി നിർവ്വഹിച്ച 'നജാ പ്രസ്' ശ്രീ. കെ. ജോർജ്ജുകുട്ടിയോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

പരിശുദ്ധ കന്യകമറിയം അമ്മയുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും ഈ ഇടവകയ്ക്കും നാം ഓരോരുത്തർക്കും അനുഗ്രഹമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങൾ മുഖാന്തിരം സ്വർഗ്ഗം ആനന്ദിക്കുന്ന ഒരു പുതുവത്സരമാകട്ടെ 2018 എന്നാശംസിക്കുന്നു.

കൃതജ്ഞതയോടെ,

**ഷിബു സി. ജോർജ്** ചീഫ് എഡിറ്റർ

**സിജു ജോൺ** എഡിറ്റർ

# *In Ever Loving Memory of Our Beloved Mummy*

**5th Death Anniversary**
**(16-01-2018)**

*"I have fought the good fight, I have finished the race, I have kept the faith."* (2 Timothy 4:7)



# Pennamma Varghese

Biju Villa, Payyanamon P.O, Konni

***With loving memories:-***

K. Varghese, Beena Mathew & Family
Binu Varghese & Family, Biju Varghese & Family

*For Private Circulation among Cathedral Members only*